പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 168 — 13.07.2016 -ൽ മറുപടിക്ക്.

## പാചക വാതക സിലിണ്ടറുകൾ മൂലമുള്ള അപകടങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്**<br>**ശ്രീ.റ്റി.എ.അഹമ്മദ് കബീർ**<br>**ശ്രീ.എം.ഉമ്മർ**<br>**ശ്രീ.ടി.വി.ഇബ്രാഹിം** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും പൊതു വിതരണവും വകുപ്പ് മന്ത്രി)** |
| (എ) പാചക വാതക സിലിണ്ടറുകൾ പൊട്ടിത്തെറിച്ചും ലീക്ക ചെയ്തും ഉണ്ടാകുന്ന അപകടങ്ങൾ വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;<br>(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) & (ബി) ഇത്തരത്തിൽ ചില കേസുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടെങ്കിലും അപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ വിഷയത്തിൽ എണ്ണക്കമ്പനി പ്രതിനിധികൾ, ഫാക്ടറീസ് & ബോയിലേഴ്സ് പ്രതിനിധി എന്നിവരുമായി സിവിൽ സപ്ലൈസ് ഡയറക്ടർ ചർച്ച നടത്തുകയും കാരണങ്ങൾ പരിശോധിക്കുകയും സുരക്ഷ ഉറപ്പാക്കുവാൻ സ്വീകരിക്കേണ്ട നടപടികൾ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) സിലിണ്ടറുകളുടെ പഴക്കം, ഫില്ലിംഗി ലെയും വിതരണത്തിലേയും അശ്രദ്ധ, വിതരണ/സർവ്വീസ് കേന്ദ്രങ്ങളുടെ നിഷ്ക്രിയത്വം, ഉപഭോക്താക്കൾക്കുള്ള അജ്ഞത എന്നിവ പരിഹരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ ? | (സി) പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി സിലിണ്ടറുകൾ ബോട്ട് ലിംഗ് പ്ലാന്റുകളിൽ വച്ച് പരിശോധിച്ച് നിയമാനുസൃതമായ പരിശോധനകളിൽ യോഗ്യമെന്ന് കണ്ടെത്തുന്നവ യിൽ മാത്രം പാചകവാതകം നിറയ്ക്കുന്നു. സിലിണ്ടറുകൾ ബോട്ട് ലിംഗ് പ്ലാന്റുകളിൽ നിന്നും അയയ്ക്കുന്നതിനു മുമ്പ് ഭാരവും വാട്ടർ ടെസ്റ്റ് ബാത്തുവഴി ചോർച്ചയും കൃത്യമായി പരിശോധിക്കപ്പെടുകയും ചെയ്യുന്നു. പരിശോധനയിൽ യോഗ്യമല്ല എന്ന് കാണുന്ന സിലിണ്ടറുകൾ വീണ്ടും ഉപയോഗിക്കാത്ത രീതിയിൽ സ്ക്രാപ്പ് ആയി വേർതിരിച്ച് കളയുന്നു. ബോട്ട് ലിംഗ് പ്ലാന്റുകളിൽ നിന്ന് പ്രത്യേകം സജ്ജീകരിച്ച വാഹനങ്ങളിൽ പരിശീലനം ലഭിച്ച ഡ്രൈവർ മാരാണ് ഏജൻസികളിൽ പാചക വാതകം എത്തിക്കുന്നത്. ഇത്തരത്തിലുള്ള സിലിണ്ടറുകൾ ഗ്യാസ് ഏജൻസി തലത്തിൽ വീണ്ടും |

പരിശോധനയ്ക്ക് വിധേയമാക്കിയതിനു ശേഷമാണ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. കൂടാതെ ഉപഭോക്താക്കൾക്കായി വിതരണ ഏജൻസികൾ സേഫ്റ്റി ക്ലിനിക്കുകൾ സംഘടിപ്പിക്കുകയും വീട്ടുകളിൽ നിർബന്ധിത പരിശോധനകൾ നടത്തുകയും ചെയ്യാറുണ്ട്. ഏജൻസികളിലെ ജോലിക്കാർ, ഡെലിവറി ബോയ്സ്, ഗോഡൗൺ സൂക്ഷിപ്പുകാർ എന്നിവർക്ക് സുരക്ഷ സംബന്ധിച്ച് കൃത്യമായ പരിശീലനങ്ങളും നല്കാറുണ്ട്. ഇവയാണ് പാചകവാതക സിലിണ്ടറുകളുടെ സുരക്ഷയ്ക്കായി സ്വീകരിച്ചു വരുന്ന നടപടികളെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാന തല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഈ അടുത്ത കാലത്ത് സംസ്ഥാനത്ത് ഉണ്ടായ സിലിണ്ടർ അപകടങ്ങളുടെ പശ്ചാത്തലത്തിൽ എണ്ണക്കമ്പനി പ്രതിനിധികൾ, ഫാക്ടറീസ് & ബോയിലേഴ്സ് പ്രതിനിധി എന്നിവരുമായി സിവിൽ സപ്ലൈസ് ഡയറക്ടർ ചർച്ച നടത്തി സിലിണ്ടർ അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സർക്കാരിൽ സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ചു വരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ